# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1172** — **05.03.2018-ൽ മറുപടിക്ക്**

## ഡീസൽ വിലവർദ്ധനവ് മൂലം മത്സ്യബന്ധന മേഖലയിലെ പ്രതിസന്ധി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.എൻ.എ ഖാദർ<br>,, എൻ.എ.നെല്ലിക്കുന്ന്<br>,, പി.കെ.അബ്ദു റബ്ബ്<br>,, പി.കെ.ബഷീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നിത്യേനയുള്ള ഡീസൽ വിലവർദ്ധനവ് സംസ്ഥാനത്തെ മത്സ്യബന്ധന വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഡീസൽ വിലയിൽ 10 രൂപയിലധികം വർദ്ധനവ് ഉണ്ടായിട്ടും മത്സ്യവില വർദ്ധിപ്പിക്കാനാകാതെ മത്സ്യത്തൊഴിലാളികൾ കടബാദ്ധ്യതയിലായത് പരിഹരിക്കാൻ എന്ത് നടപടിയാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) യും (സി) | കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഡീസൽ സബ്സിഡിയുടെ ഗുണഭോക്താവ് BPL വിഭാഗത്തിൽപ്പെടുന്നവരായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിക്കുന്ന മത്സ്യബന്ധനയാന ഉടമകളിൽ ആരും BPL വിഭാഗത്തിൽപ്പെടുന്നവരല്ലായെന്ന കാരണത്താൽ ഡീസൽ സബ്സിഡിയ്ക്ക് അപേക്ഷകൾ ലഭ്യമല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യം വിലയിരുത്തി, ബോട്ടുകളിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾ എല്ലാവരും BPL കുടുംബാംഗങ്ങളായതിനാൽ അവരുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉടമകൾ ദാരിദ്ര്യ രേഖയ്ക്കു മുകളിലുള്ളവരാണെന്ന കാര്യം പരിഗണിക്കാതെ ഡീസൽ സബ്സിഡി ലഭ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിരിക്കയാണ്. കേന്ദ്രമന്ത്രിയെ നേരിട്ട് സന്ദർശിച്ചാണ് ഈ ആവശ്യം ഉന്നയിച്ചത്. കേന്ദ്ര സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | മത്സ്യബന്ധന വ്യവസായം സംരക്ഷിക്കാൻ മറ്റു പല സംസ്ഥാനങ്ങളിലും നിലവിലുള്ളതുപോലെ മത്സ്യത്തൊഴിലാളികൾക്കായി ഡീസൽ സബ്സിഡി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ